ഉത്തരം

ശബരിമല തീർത്ഥാടനം ആരംഭിക്കുന്നതു മുതൽ അവസാനിക്കുന്നത് വരെ രണ്ടു മാസക്കാലം റിങ്ക് നിർണ്ണയിച്ചതിനുശേഷം ആവശ്യം വേണ്ട എല്ലാ സ്ഥലങ്ങളിലും, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിൽ നിന്നും വാഹനങ്ങളും ഉപകരണങ്ങളും നിയോഗിച്ചുകൊണ്ട് സ്റ്റാൻഡ് ബൈഡ്യൂട്ടി ക്രമീകരിക്കാറുണ്ട്. ആയതിലേയ്ക്ക് സ്പെഷ്യൽ ഓഫീസർ ആയി ഒരു ജില്ലാതല ഓഫീസറേയും നിയോഗിക്കാറുണ്ട്.

മുക്കം ഫയർ സ്റ്റേഷന് സ്വന്തം കെട്ടിടം

167 (2171) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം മണ്ഡലത്തിലെ മുക്കത്ത് സ്ഥിതിചെയ്യുന്ന ഫയർ സ്റ്റേഷന് സ്വന്തം കെട്ടിടമില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കാൻ ഗവൺമെന്റ് എന്ത് നടപടിയാണ് ഇതുവരെ സ്വീകരിച്ചത് ;

(സി) മുക്കം പഞ്ചായത്തിലെ അഗസ്ത്യൻമുഴിയിൽ സ്ഥിതിചെയ്യുന്ന പി.ഡബ്ല്യു.ഡി-യുടെ പുറമ്പോക്ക് സ്ഥലം ഈ ആവശ്യത്തിന് ഉപയോഗിക്കാമെന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ;

(ഡി) ഇതുമായി ബന്ധപ്പെട്ട് എടുത്ത നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) മുക്കം പഞ്ചായത്തിലെ അഗസ്ത്യൻമുഴിയിൽ സ്ഥിതി ചെയ്യുന്ന പി. ഡബ്ല്യു.ഡി.-യുടെ പുറമ്പോക്ക് സ്ഥലം മുക്കം ഫയർ സ്റ്റേഷനുവേണ്ടി ഏറ്റെടുക്കുന്ന കാര്യം പൊതുമരാമത്തുവകുപ്പു മേധാവിയുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരികയാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായം

168 (2175) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് എന്നുവരെയുള്ള അപേക്ഷകൾക്കാണ് 2003 ജൂൺ 30 നകം ചികിത്സാസഹായം നൽകിയിട്ടുള്ളതെന്നും ഇതിനായി ഓരോ മാസവും എന്ത് തുക ചിലവാക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly